GSTIN: 32AAMAK9631N1Z3

**KERALA KERAKARSHAKA SAHAKARANA FEDERATION LIMITED No. 4370**

KERAFED
കേരാഫെഡ്
(A Govt. of Kerala Enterprise)

**KERAFED OIL COMPLEX**
K. S. Puram, Puthiyakavu
Karunagappally, Kollam - 690 544
Ph: 0476-2620627, 2620828, 2620827(PM)
E-Mail: kock@kerafed.com

KFD/KOCK/VAP/2025/4967

14/05/2025

**പച്ചത്തേങ്ങയിൽ നിന്നുമുണ്ടാക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തിനായി കേരഫെഡ്നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ വൈറ്റ്മീറ്റ് (White Meat) തയ്യാറാക്കി നൽകുന്നതിനായി തത്പരകക്ഷികളിൽ നിന്നുംമത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു:**

## ക്വട്ടേഷൻ വ്യവസ്ഥകൾ

പച്ചത്തേങ്ങയിൽ നിന്നുമുണ്ടാക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തിന് അനുസൃതമായി പച്ചത്തേങ്ങ പൊട്ടിച്ച് ചിരട്ട നീക്കം ചെയ്ത് പുറം തൊലി ചെത്തി വൃത്തിയോടും വെടിപ്പോടും കൂടി വൈറ്റ്മീറ്റ് ആക്കി നൽകേണ്ടതാണ്.

പച്ചത്തേങ്ങ ചെത്തി വൈറ്റ്മീറ്റ് ആക്കി നൽകുന്നതിനുള്ള നിരക്കാണ് ക്വട്ടേഷനിൽ കരാറുകാരൻ രേഖപ്പെടുത്തേണ്ടത് . (ഉദാഹരണത്തിന് : പച്ചത്തേങ്ങയിൽനിന്നും ഒരു കിലോ വൈറ്റ്മീറ്റ് സംസ്കരിച്ചുനല്കുന്നതിനു ............... രൂപ)

പച്ചത്തേങ്ങ കേരഫെഡ് ഓയിൽ കോംപ്ലെക്സിൽ വെച്ചുതന്നെ സംസ്കരിക്കേണ്ടതാണ്.

വൈറ്റ്മീറ്റ് നീക്കംചെയ്ത ചിരട്ടകൾ ചാക്കിൽ കെട്ടി നിർദ്ദിഷ്ട സ്ഥലത്തു എത്തിക്കേണ്ടതും ഇതിനായുള്ള ചാക്കുകൾ കേരഫെഡ് നൽകുന്നതുമാണ്.

സംസകരണത്തിനു തടസ്സംനേരിടാതെ ആവിശ്യമായ തൊഴിലാളികളെ എത്തിച്ച് ജോലി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വമായിരിക്കും. കരാറുകാരൻ ഏർപ്പാടാക്കുന്ന തൊഴിലാളികളുടെ പൂർണ്ണ സുരക്ഷിതത്വം കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്.

കരാറുകാരൻ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്ക് കേരഫെഡുമായി കരാറുകാരൻ സമ്മതിക്കുന്ന വേലക്കൂലിക്ക് പുറമെ യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹതഉണ്ടാകുന്നതല്ല.

കരാറുകാരന്റെ ഉത്തരവാദിത്വക്കുറവുകൊണ്ടു സംസ്കരണത്തിൽ കേരഫെഡിന് കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ കരാറുകാരന്റെ വീഴ്ചയായികണ്ട് അതിനുള്ള നഷ്ടപരിഹാരം കരാറുകാരന്റെ പക്കൽ നിന്നും കേരഫെഡ് ഈടാക്കുന്നതായിരിക്കും

പ്രസ്തുതകരാറിന്റെ കാലാവധി ഒരു വർഷമായിരിക്കും.

കരാറുകാരൻ സമർപ്പിക്കുന്ന ഓരോ ബില്ലിൽനിന്നും 5 % തുക കേരഫെഡ് റീടെൻഷൻമണിയായി പിടിച്ചുവെക്കുന്നതാണ്. കരാർ അവസാനിക്കുന്നമുറക്ക് കേരഫെഡിന് കരാറുകാരനെകൊണ്ട് കഷ്ടനഷ്ടങ്ങൾ ഉണ്ടാകാത്ത സാഹചര്യത്തിൽ ഈ തുക തിരികെ നൽകുന്നതായിരിക്കും. ഈ തുകയ്ക്ക് യാതൊരുവിധമായ പലിശയും നൽകുന്നതല്ല.

നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ EMD തുകയായ 1000 രൂപയോടൊപ്പം , 21/05/2025, വൈകുന്നേരം 4 മണിക്ക്മുൻപായി കരുനാഗപ്പള്ളി കേരഫെഡ് ഓയിൽ കോംപ്ലക്സിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

KERAFED OIL COMPLEX
K.S.PURAM
PIN: 690 544
PH: 0476-2620627
KARUNAGAPPALLY

പ്ലാന്റ് മാനേജർ

PLANT MANAGER I/c
KERAFED OIL COMPLEX
KARUNAGAPPALLY